**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 77** | **26-07-2021 - ൽ മറുപടിയ്ക്ക്**

**റീസർവ്വേയുടെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി.പി. സുമോദ്** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഭൂരേഖകളുടെ കൃത്യതയും തർക്കങ്ങൾ ഒഴിവാക്കുന്നതിനും റീസർവ്വേ അടിയന്തരമായി പൂർത്തിയാക്കേണ്ടതിന്റെ അനിവാര്യത കണക്കിലെടുത്ത് ഡിജിറ്റൽ സർവ്വേ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | ഭൂരേഖകളുടെ കൃത്യതയും തർക്കങ്ങൾ ഒഴിവാക്കുന്നതിനും, പരാതികൾ നീതിയുക്തമായി പരിഹരിക്കുന്നതിനും റീസർവ്വെ പൂർത്തിയാക്കേണ്ടതുണ്ട്. നിലവിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയായെങ്കിലും 87 വില്ലേജുകൾ മാത്രമാണ് ആധുനിക സർവ്വെ ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ ചെയ്ത് ഡിജിറ്റൽ റിക്കാർഡുകൾ തയ്യാറാക്കിയിട്ടുള്ളത്. നിലവിൽ 29 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ ജോലികൾ പുരോഗതിയിലാണ്. കാലഘട്ടത്തിനനുസൃതമായ രീതിയിൽ ഓൺലൈൻ മുഖേന ജനങ്ങൾക്ക് സേവനം നൽകുന്നതിന് സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും സർവ്വെ മാപ്പുകൾ ഡിജിറ്റൽ ഫോർമാറ്റിൽ തയ്യാറാക്കേണ്ടതുണ്ട്. ഇതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. |
| (ബി) | റീസർവ്വേ തുടങ്ങിയിട്ട് എത്ര വർഷമായെന്നും എത്ര വില്ലേജുകളിൽ ഇത് പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കുമോ; ഡിജിറ്റൽ സർവ്വേ ഇതുവരെ എത്ര വില്ലേജുകളിൽ പൂർത്തിയായിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട പരാതി പരിഹരിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് 1966 ൽ റീസർവ്വെ ആരംഭിച്ചു. നാളിതുവരെ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കിയിട്ടുണ്ട്. റീസർവ്വെ പൂർത്തിയാക്കിയ വില്ലേജുകളിൽ 87 വില്ലേജുകൾ മാത്രമാണ് ആധുനിക സർവ്വെ ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ ചെയ്ത് ഡിജിറ്റൽ റിക്കാർഡുകൾ തയ്യാറാക്കിയിട്ടുള്ളത്. റീസർവ്വെയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് എല്ലാ താലൂക്ക് ഓഫീസുകളിലും ലാൻഡ് റിക്കാർഡ്സ് മെയിന്റനൻസ് വിഭാഗം പ്രവർത്തിച്ചുവരുന്നു. റീസർവ്വെ പരാതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലേക്കായി കൂടുതൽ സർവ്വെ വിഭാഗം ജീവനക്കാരെ റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും ലാന്റ് റെക്കോർഡ്സ് |

| | | | |
|---|---|---|---|
| | | | മെയിന്റനൻസ് (എൽ.ആർ.എം) വിഭാഗത്തിന് നൽകിവരുന്നുണ്ട്. |
| (സി) | ഡിജിറ്റൽ സർവ്വേ സ്വകാര്യവത്കരണത്തിലേക്ക് നയിക്കാനിടയുണ്ടെന്ന ജീവനക്കാരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് 1966 ൽ ആരംഭിച്ച റീസർവെ ജോലികൾ 55 വർഷം കഴിഞ്ഞിട്ടും, 55% മാത്രമാണ് പൂർത്തിയായിട്ടുള്ളത്. ഇപ്രകാരം നിലവിലെ ജീവനക്കാരെ മാത്രം നിയോഗിച്ച് സംസ്ഥാനത്തിന്റെ റീസർവ്വെ പൂർത്തിയാക്കുന്നതിന് അത്രയേറെ സമയം കൂടി ഇനിയും ആവശ്യമായിവരും. ജീവനക്കാരുടെയും ആധുനിക സർവ്വെ ഉപകരണങ്ങളുടെയും അപര്യാപ്തതയാണ് റീസർവ്വെ ജോലികൾ മന്ദഗതിയിലാകാൻ പ്രധാന കാരണം. ഇതിന് പരിഹാരമായി ആധുനിക സർവ്വെ സാങ്കേതികവിദ്യയായ Continuously Operating Reference Stations (CORS) നെറ്റ് വർക്ക് സ്ഥാപിച്ച് Real Time Kinematic (RTK) ഉപകരണത്തിന്റെ സഹായത്താൽ സർവ്വെ നടപടികൾ വേഗത്തിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിലേക്കായി ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന സംസ്ഥാനത്ത് CORS നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പ് വച്ചിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. CORS നെറ്റ് വർക്ക് സ്ഥാപിച്ചതിനു ശേഷം വകുപ്പിലെ ജീവനക്കാരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വെയർമാരെ കൂടി റീസർവ്വെ ജോലികൾക്ക് നിയോഗിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ